കാസർഗോഡ് ജില്ലയിൽ അജാനൂർ കൃഷി ഭവനിലാണ്, നിലവിൽ കൃഷി ഓഫീസർ ഇല്ലാത്തത്.

(ബി) ഒഴിവുള്ള കൃഷി ഓഫീസർ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം

91(1076) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ അപര്യാപ്തതമൂലം സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

കൃഷി ഓഫീസർ തസ്തികയിൽ 112-ഉം കൃഷി അസിസ്റ്റന്റ് തസ്തികയിൽ 279-ഉം ഒഴിവുകളാണ് നിലവിലുള്ളത്.

(സി) ഈ ഒഴിവുകൾ നികത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച പട്ടികയ്ക്കെതിരെ ഉദ്യോഗാർത്ഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ റാങ്ക് പട്ടിക സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ടി തസ്തികയിൽ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശകൾ നൽകിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ടൈബ്യൂണലിനെ അറിയിക്കുകയും സ്റ്റേ ഒഴിവാക്കി നിയമന നടപടികളുമായി മുന്നോട്ട് പോകുന്നതിന് പി.എസ്.സി.-ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിക ളില്ലാത്തതിനാൽ പ്രസ്തുത പട്ടികയിൽനിന്നും ഈ വിഭാഗത്തിനായി നീക്കിവയ്ക്കാൻ പറഞ്ഞ 21 ഒഴിവുകൾ എൻ.എ.സി. ആയി മാറ്റിവച്ചിട്ടുള്ളത് ഒഴിച്ച് ബാക്കി നിലവിലുള്ള 258 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) വടകര മണ്ഡലത്തിൽ നിലവിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും ഉൾപ്പടെ പതിനഞ്ചോളം ഉദ്യോഗസ്ഥർ വേണ്ടിടത്ത് നാലുപേരാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കൃഷി ഓഫീസർമാരുടെയും കൃഷി അസ്സിസ്റ്റന്റുമാരുടെയും അഭാവം കാരണം കൃഷി ഭവനുകളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ കൃഷി ഓഫീസർ തസ്തികയിലെ മുഴുവൻ ഒഴിവുകളിലും പി.എസ്.സി.-യുടെ നിർദ്ദേശപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിൽ 179 ദിവസത്തേയ്ക്കോ പി.എസ്.സി. മുഖേന നിയമനം നൽകുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) താൽക്കാലികമായി നിയമനം നടത്തുന്നതിന് എല്ലാ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമികൾ

92(1077) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശ് ഭൂമികളാണുള്ളത്; ഇവ ഏതെല്ലാം കൃഷി ഭവനങ്ങളുടെ കീഴിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെട്ടികുളങ്ങര - 5 ഹെക്ടർ; കൃഷ്ണപുരം - 22 ഹെക്ടർ; കായംകുളം - 12 ഹെക്ടർ; കുണ്ടല്ലൂർ - 15 ഹെക്ടർ; ദേവികുളങ്ങര - 13 ഹെക്ടർ; ഭരണിക്കാവ് - 97 ഹെക്ടർ.